107 (1016) മഞ്ചേരി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഇടവണ്ണ, വെള്ളുവാമ്പ്രം എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടവണ്ണ, വെള്ളുവാമ്പ്രം എന്നീ സ്ഥലങ്ങളിൽ 33 കെ.വി.സബ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനുള്ള ടെൻഡറുകൾ വിളിച്ചു കഴിഞ്ഞു. ഇതു സംബന്ധിച്ച് മേൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

108 (1017) മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ പഞ്ചായത്തിൽ മുളംമൂട്-ചന്ദ്രമൻ കോക്കോട് നിവാസികൾ മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളത്;

(ബി) എങ്കിൽ എത്ര വീട്ടുകാരാണ് ഇപ്രകാരം അപേക്ഷിച്ചിട്ടുള്ളത്;

(സി) ഇവർക്ക് എന്നത്തേയ്ക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22 വീട്ടുകാർ.

(സി) ഇപ്പോഴത്തെ ടാർജറ്റനുസരിച്ച് 31/3/94-വരെ സാങ്കേതിക അനുമതി നൽകിയിട്ടുള്ള ലൈൻ എക്സ്റ്റൻഷൻ-മിനിമം ഗ്യാരന്റി ജോലികളാണ് ഈ വർഷം പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ ജോലിയുടെ സാങ്കേതികാനുമതി നൽകിയിട്ടുള്ളത് 4/12/96-ലാണ്. ടാർജറ്റ് പുതുക്കി നിശ്ചയിക്കുന്നതിനനുസരിച്ച് മുൻഗണനാക്രമത്തിൽ ഈ ജോലിയും ചെയ്യുന്നതാണ്.

109 (1018) വൈദ്യുതി ബോർഡിന്റെ കീഴിലുള്ള വാഹനങ്ങൾ

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ കീഴിൽ എത്ര വാഹനങ്ങൾ ഉണ്ടെന്ന് സർക്കിൾ ഓഫീസ് അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ബി) ഇതിൽ കാറുകൾ, ജീപ്പുകൾ, ലോറികൾ, മറ്റ് വാഹനങ്ങൾ എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ബോർഡിന്റെ എത്ര വാഹനങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ സർക്കിൾ ഓഫീസിന്റെ കീഴിലും വാഹനങ്ങളുടെ വ്യക്തമായ ലിസ്റ്റ് സൂക്ഷിക്കുവാനും വാർഷിക ചെലവ് പരിശോധിക്കുവാനും നടപടി സ്വീകരിക്കുമോ;

(ഇ) വൈദ്യുതി ബോർഡ് സർക്കിൾ ഓഫീസിന്റെ കീഴിൽ വാടകയ്ക്ക് എടുത്തിട്ടുള്ള എത്ര വാഹനങ്ങൾ ഓടുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിന് ഒരു മാസം ശരാശരി എത്ര രൂപാ ചെലവ് വരുന്നുണ്ട്?

ഉത്തരം

(എ) താഴെപ്പറയുന്ന ഓഫീസുകളിലായി ആകെ 932 വാഹനങ്ങൾ ഉണ്ട്.

ചീഫ് എഞ്ചിനീയർ (ട്രി.സി.എം.)	- 9
ചീഫ് എഞ്ചിനീയർ(ഒ.ആന്റ് എം)	- 12
വെഹിക്കിൾ മോണിറ്ററിംഗ് സെൽ	- 47
ചീഫ് എഞ്ചിനീയർ (എസ്.ഒ.)	- 26
ചീഫ് എഞ്ചിനീയർ (ട്രാൻസ്.എസ്)	- 71
ചീഫ് എഞ്ചിനീയർ (ഡിസ്ട്രി.സി)	- 163
ചീഫ് എഞ്ചിനീയർ (ഡിസ്ട്രി.എൻ)	- 131
ചീഫ് എഞ്ചിനീയർ (കോർപ.പ്ലാനിംഗ്)	- 11
ചീഫ് എഞ്ചിനീയർ (ഡിസ്ട്രി.എസ്)	- 124
ചീഫ് എഞ്ചിനീയർ (ട്രാൻസ്.എൻ)	- 62
ചീഫ് എഞ്ചിനീയർ (സി.ഐ.ഇ.എൽ.എ)	- 52
ചീഫ് എഞ്ചിനീയർ (ഒ ആന്റ് എം.ഹൈഡ്രോ)	- 74
ചീഫ് എഞ്ചിനീയർ (എസ്.എസ്.ആന്റ് ജി.എൽ.സി)	- 33
ചീഫ് എഞ്ചിനീയർ (സി.സി)	- 118

(ബി)

ജില്ല	കാർ	ജീപ്പ്	ലോറി	മറ്റുവാഹനങ്ങൾ
കൊല്ലം	3	15	14	27
എറണാകുളം	11	80	29	20
കോഴിക്കോട്	8	38	9	7
തിരുവനന്തപുരം	51	37	15	13
കോട്ടയം	5	27	17	9
ഇടുക്കി	8	75	8	26
പാലക്കാട്	2	27	10	6
കണ്ണൂർ	1	32	6	9
കാസർഗോഡ്	-	10	3	1
പത്തനംതിട്ട	8	45	8	8
ആലപ്പുഴ	1	15	10	11
തൃശ്ശൂർ	9	66	27	11
വയനാട്	1	13	1	8
മലപ്പുറം	1	22	8	1

(സി) 116 വാഹനങ്ങൾ

തിരുവനന്തപുരം	- 11
എറണാകുളം	- 6
കൊല്ലം	- 8
കോട്ടയം	- 52
ആലപ്പുഴ	- 2
തൃശ്ശൂർ	- 13
കണ്ണൂർ	- 3
കോഴിക്കോട്	- 1

LIBRARY ARCHIVES Kerala Legislative Assembly

വയനാട്	- 4
മലപ്പുറം	- 2
പാലക്കാട്	- 3
പത്തനംതിട്ട	- 4
ഇടുക്കി	- 5

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) വാടകയ്ക്ക് എടുത്തിട്ടുള്ള 201 വാഹനങ്ങൾ ഓടുന്നുണ്ട്. ഇവയ്ക്ക് ഒരു മാസം ശരാശരി പത്തൊൻപതു ലക്ഷം രൂപ ചെലവാകുന്നുണ്ട്.

110 (1019) കുന്നത്തുകാലിൽ കളക്ഷൻ സെന്റർ ആരംഭിക്കാൻ നടപടി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുകാൽ പഞ്ചായത്തിൽ ഒരു കളക്ഷൻ സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കളക്ഷൻ സെന്റർ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കുന്നത്തുകാൽ പഞ്ചായത്തിൽ കളക്ഷൻ സെന്റർ 8-12-99-ൽ പ്രവർത്തനം ആരംഭിച്ചു. മാസത്തിൽ രണ്ടു ദിവസം ഈ സെന്ററിൽ കളക്ഷൻ സ്വീകരിക്കുന്നതാണ്.

111 (1020) ഒവൈദ്യുതി തട്ടിപ്പ്

ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്തെ ഐസ്പ്ലാന്റുകളിൽ സ്ഥാപിച്ചിരുന്ന മോട്ടോറുകളിൽ കപ്പാസിറ്റി കുറച്ച് കാണിക്കുന്ന വ്യാജ നെയിംപ്ലേറ്റുകൾ പതിപ്പിച്ച് കെ.എസ്.ഇ.ബി.യുടെ തുകയിലും കണക്ടഡ് ലോഡ് ചാർജ്ജിലും ക്രമക്കേടുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിഴിഞ്ഞം സബ് ഡിവിഷന് അനുവദിച്ചിട്ടുള്ള ഇലക്ട്രോണിക് മീറ്ററുകൾ വൈദ്യുതി ഉപഭോഗം കൂടുതലുള്ള ഐസ്പ്ലാന്റുകളിൽ സ്ഥാപിക്കാതെ താരതമ്യേന വൈദ്യുതി ഉപഭോഗം കുറവുള്ള സ്ഥാപനങ്ങളിൽ സ്ഥാപിച്ച് വിഴിഞ്ഞത്തെ ഐസ്പ്ലാന്റുകളിൽ നടക്കുന്ന വൈദ്യുതി ക്രമക്കേടുകളെപ്പറ്റി അന്വേഷണം നടത്തുന്നതിനും ഇതിന് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷണ നടപടിയെടുക്കുന്നതിനും തയ്യാറാകുമോ;

(സി) ഇവിടങ്ങളിൽ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly